(ബി) അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തി വല്ല തീരുമാനവും ഗവ ൺമെന്റിൽനിന്നും ചെയ്തിരുന്നോ ; ഇപ്പോൾ അതിനു വല്ല ഭേദഗതിയും വരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം എന്ത് ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ) :

(എ) ഉ ണ്ട്, ൧൯൭൭.

(ബി) ചെയ്തിരുന്നു. ഉണ്ട്. ഇൻഡ്യൻ ഭരണഘടനാനിയമം നിർദ്ദേശം വകുപ്പനുസരിച്ചുള്ള പട്ടികജാതിക്കാരുടെ ലിസ്റ്റിൽ വീരശൈവ സമുദായത്തെ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ പ്രസ്തുത സമുദായത്തെ പട്ടികജാതിക്കാരുടെ ലിസ്റ്റിൽനിന്നും നീക്കംചെയ്ത മറവ പിന്നോക്ക സമുദായങ്ങളുടെ പട്ടികയിൽ ചേർത്തു.

ശ്രീ. സി. വി. ഐയ്യു : വീരശൈവ സമുദായമെന്നല്ലാതെ ഇവർക്ക് വേറെ വല്ല പേരുമുണ്ടോ ?

ശ്രീ. സി. കേശവൻ : കൊല്ലം താലൂക്കിൽ ഇവരെ പണ്ടാരങ്ങൾ എന്നു വിളിക്കുന്നു.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള : തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിനു പുറത്തു് ഈ സമുദായക്കാർ ഇല്ലേ ?

ശ്രീ. സി. കേശവൻ : ഉണ്ടായിരിക്കണം.

പോലീസ് മർദ്ദനം

*൧൧൬. (൧൬) ശ്രീ അലക്സാണ്ടർ വാകയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) എടക്കൊച്ചി സ്വദേശിയായ ചക്കാലക്കൽ ജോസഫ് എന്ന ഒരുത്തനെ തുറവൂർ പോലീസ് കോൺസ്റ്റബിളുമാരും ഇൻസ്പെക്ടരുംകൂടി എഴുപുന്നയിൽവച്ചു കഠിനമായി ദേഹോപദ്രവമേല്പിച്ചു എന്നുള്ള ഒരു പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ) :

(എ), (ബി) ഇവയുടെ ഉത്തരത്തിനുവേണ്ടി വിവരം ശേഖരിച്ചുവരുന്നതേയുള്ളൂ.

ക്ഷീരവിതരണം

*൧൧൭. (൧൭)‡ ശ്രീ. അലക്സാണ്ടർ വാകയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യവിഭവസംഭരണ വിതരണത്തിൽ ഈ സാമ്പത്തിക വർഷത്തിൽ എത്ര നഷ്ടമുണ്ടാകുമെന്നാണു് പ്രതീക്ഷ ;

(ബി) ക്ഷീരവിഭവങ്ങളുടെ വില വർദ്ധിപ്പിക്കാതെ നിലവിലിരിക്കുന്ന മദ്യനിരോധനം നിർത്തിവച്ചിട്ടോ മരണനികുതി ഏർപ്പെടുത്തിയിട്ടോ ഈ നഷ്ടം പരിഹരിയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര) :

(എ) ഇപ്പോഴത്തെ വില നിരക്കു് ൧൯൫൭–ലും തുടരുന്നപക്ഷം ൪൨ ലക്ഷം രൂപാ നഷ്ടമുണ്ടാകുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

(ബി) ഇല്ല.

‡ As the member was absent, this question was put by Sri. Krishnan Ayyappan with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly